# കേരള സർവകലാശാല

നം.പി.ആർ.60/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

സർവകലാശാല യുവജനോത്സവം നടക്കുന്നതിനാൽ മാർച്ച് 25 മുതൽ 29 വരെ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പരീക്ഷാതീയതി

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ 'ഫ്ളുവൻസി ഡിസോർഡേഴ്സ്' എന്ന വിഷയത്തിന്റെ പുനഃപരീക്ഷ മാർച്ച് 23 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2019 ഏപ്രിൽ 29 ആരംഭിക്കുന്ന മൂന്നാം വർഷ ബി.ബി.എ (ആന്വൽ സ്കീം –പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷക്ക് പിഴകൂടാതെ മാർച്ച് 30 വരെയും 50 രൂപ പിഴയോടെ ഏപ്രിൽ 3 വരെയും 125 രൂപ പിഴയോടുകൂടി ഏപ്രിൽ 5 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓരോ പേപ്പറിനും 125 രൂപ വീതവും, 100 രൂപ മാർക്ക് ലിസ്റ്റിനും, 200 രൂപ മൂല്യനിർണയ ക്യാമ്പ് ഫീസും അടയ്ക്കണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓരോ പരീക്ഷാ കേന്ദ്രം മാത്രമേ ഉണ്ടാവുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2019 ജനുവരിയിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് (ഡിസംബർ 2018 സെഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനഃപരിശോധനയ്ക്ക് മാർച്ച് 30 വരെ അപേക്ഷിക്കാം. അപേക്ഷകൾ ഓരോ പേപ്പറിനും 500 രൂപ ഫീസടച്ച് സി.എസ്.എസ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

2018 നവംബറിൽ നടത്തിയ എം.ഫിൽ മലയാളം 2017 – 2018 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ കേന്ദ്രം ഒന്നാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് ലാബ്, രണ്ടാം സെമസ്റ്റർ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ കോഴ്സുകളുടെ സമ്പർക്ക ക്ലാസുകൾ മാർച്ച് 23 ന് എസ്.ഡി.ഇയിലും രണ്ടാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ്, എം.എ ഹിന്ദി കോഴ്സുകളുടെ സമ്പർക്ക ക്ലാസ് കാര്യവട്ടത്ത് വെച്ചും ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി, രണ്ടാം സെമസ്റ്റർ ബി.ബി.എ എന്നീ കോഴ്സുകളുടെ സമ്പർക്ക ക്ലാസ് മാർച്ച് 24 ന് എസ്.ഡി.ഇയിൽ വെച്ചും നടത്തുന്നതാണ്.

## തീയതി നീട്ടി

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ അഡ്വാൻസ്ഡ് ഫംങ്ഷണൽ ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ് കോഴ്സിന് അപേക്ഷിക്കാനുള്ള അവസാന തീയതി മാർച്ച് 25 വരെ നീട്ടിയിരിക്കുന്നു. മാർച്ച് 9 ന് ആരംഭിച്ച സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. വിശദവിവരങ്ങൾക്ക്: 0471 2302523

തിരുവനന്തപുരം
21-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098